REGIONAL NEWS UNIT, ALL INDIA RADIO, CALICUT

# ആകാശവാണി

## പ്രാദേശിക വാർത്തകൾ

തിയ്യതി: 28-08-2024 സമയം 06.45 AM

## പ്രധാന വാർത്തകൾ

- ആരോഗ്യ പ്രവർത്തകരുടെ സുരക്ഷയും സംരക്ഷണവും ഉറപ്പ് വരുത്താൻ സ്വീകരിക്കേണ്ട അടിയന്തര നടപടികൾ ദേശീയ ദൗത്യ സേന ഇന്ന് സംസ്ഥാനങ്ങളുമായി ചർച്ച ചെയ്യും.
- കേന്ദ്ര സഹമന്ത്രി ജോർജ് കുര്യനടക്കം ഒൻപത് BJP സ്ഥാനാർത്ഥികളെ രാജ്യസഭയിലേക്ക് എതിരില്ലാതെ തെരഞ്ഞെടുത്തു.
- നിയമസഭയുടെ പരിസ്ഥിതി സമിതി നാളെയും മറ്റന്നാളും കോഴിക്കോട്, വയനാട് ജില്ലകളിലെ ഉരുൾപൊട്ടൽ ബാധിത പ്രദേശങ്ങളിൽ വിവരശേഖരണം നടത്തും.
- ഇന്ന് 161-ാമത് അയ്യങ്കാളി ജയന്തി ആഘോഷിക്കുന്നു.
- പാരീസ് പാരാലിമ്പിക്സിന് ഇന്ന് തുടക്കമാകും.
- ICC ചെയർമാനായി ജെയ്ഷായെ തെരഞ്ഞെടുത്തു.

## വാർത്തകൾ വിശദമായി

**ഡോക്ടർമാർ അടക്കം ആരോഗ്യ പ്രവർത്തകരുടെ സുരക്ഷയും സംരക്ഷണവും ഉറപ്പ് വരുത്താൻ സ്വീകരിക്കേണ്ട അടിയന്തര നടപടികൾ ദേശീയ ദൗത്യ സേന ഇന്ന് സംസ്ഥാനങ്ങളുമായി ചർച്ച ചെയ്യും. ഓൺലൈനായി ചേരുന്ന യോഗത്തിൽ സംസ്ഥാന ചീഫ് സെക്രട്ടറിമാരും പൊലീസ് മേധാവികളും പങ്കെടുക്കും.**

ഡെസ്ക് റിപ്പോർട്ട്

................വോയ്സ്.........

കേന്ദ്ര ആഭ്യന്തര - ആരോഗ്യ സെക്രട്ടറിമാരുടെ സംയുക്ത അധ്യക്ഷതയിലാണ് യോഗം. കേന്ദ്രം നിയോഗിച്ച ദൗത്യ സേനയുടെ ആദ്യ യോഗം ഇന്നലെ ന്യൂഡൽഹിയിൽ ചേർന്നിരുന്നു. ഓരോ സംസ്ഥാനത്തെയും ആരോഗ്യ സ്ഥാപനങ്ങൾക്ക് നൽകിയിരിക്കുന്ന സുരക്ഷയെപ്പറ്റി വിവരങ്ങൾ കൈമാറാൻ യോഗം നിർദേശിച്ചു.

ആരോഗ്യ മേഖലയിൽ സ്വീകരിക്കേണ്ട സുരക്ഷാ നടപടികളെപ്പറ്റി നിർദേശങ്ങളും അഭിപ്രായങ്ങളും സ്വീകരിക്കാൻ ആരോഗ്യ മന്ത്രാലയം ദേശീയ പോർട്ടൽ ഏർപ്പെടുത്തിയിട്ടുണ്ട്. മന്ത്രാലയ വെബ്സൈറ്റിൽ suggestions to NTF എന്ന പോർട്ടലിൽ ഇന്ന് മുതൽ വ്യക്തികൾക്കും സംഘടനകൾക്കും നിർദേശങ്ങൾ സമർപ്പിക്കാം.

✪✪✪

കേന്ദ്ര സഹമന്ത്രി ജോർജ് കുര്യനടക്കം ഒൻപത് BJP സ്ഥാനാർത്ഥികളെ രാജ്യസഭയിലേക്ക് എതിരില്ലാതെ തെരഞ്ഞെടുത്തു. രണ്ട് NDA സഖ്യ കക്ഷി സ്ഥാനാർത്ഥികളെയും കോൺഗ്രസിലെ അഭിഷേക് മനു സിംഗ്-വിയെയും ഇതോടൊപ്പം എതിരില്ലാതെ തെരഞ്ഞെടുത്തിട്ടുണ്ട്. മധ്യപ്രദേശിൽ നിന്നാണ് ജോർജ് കുര്യനെ തെരഞ്ഞെടുത്തത്.

നാമനിർദേശപത്രിക പിൻവലിക്കാൻ ഇന്നലെയായിരുന്നു അവസാന ദിവസം. മറ്റാരും പത്രിക സമർപ്പിക്കാതിരുന്ന സാഹചര്യത്തിലാണ് ജോർജ് കുര്യനടക്കം സ്ഥാനാർത്ഥികളെ തെരഞ്ഞെടുത്തതായി പ്രഖ്യാപിച്ചത്.

✪✪✪

വഖഫ് ഭേദഗതി ബില്ലിനെപ്പറ്റി സംയുക്ത പാർലമെന്ററി സമിതി, പൊതു ജനങ്ങളിൽ നിന്നും സന്നദ്ധ സംഘടനകളിൽ നിന്നും സ്ഥാപനങ്ങളിൽ നിന്നും വിദഗ്ധരിൽ നിന്നും നിർദേശങ്ങളും കാഴ്ചപ്പാടുകളും ക്ഷണിച്ചു. ഇംഗ്ലീഷിലോ ഹിന്ദിയിലോ തയ്യാറാക്കിയ നിർദേശങ്ങളുടെ രണ്ട് കോപ്പികൾ വീതം തപാലിലോ E-mail-ലോ 15 ദിവസത്തിനകം നൽകേണ്ടതാണ്.

✪✪✪

ഇന്ത്യ ലോകത്തെ മൂന്നാമത് വൻ സാമ്പത്തിക ശക്തിയായി ഉടൻ മാറുമെന്ന് കേന്ദ്ര മന്ത്രി അശ്വിനി വൈഷ്ണവ് അറിയിച്ചു. ഈ വർഷം ഇന്ത്യ ഏഴ് ശതമാനം വളർച്ചാ നിരക്ക് കൈവരിച്ചതായി IMF വേൾഡ് ഔട്ട്ലുക്ക് റിപ്പോർട്ടിൽ പറയുന്നതായി കേന്ദ്രമന്ത്രി പറഞ്ഞു.

ലോകത്തെ ഏറ്റവും വലിയ സമ്പദ് വ്യവസ്ഥയായ അമേരിക്കയുടെ വളർച്ചാ നിരക്ക് 2.6 ശതമാനമാണ്.

✪✪✪

പശ്ചിമ ബംഗാളിൽ BJP യുടെ 12 മണിക്കൂർ ബന്ദ് ആരംഭിച്ചു. RG കർ മെഡിക്കൽ കോളേജിലെ PG വനിതാ ഡോക്ടർ പീഡനത്തിനിരയായി മരിച്ച സംഭവത്തിൽ,

വിദ്യാർത്ഥി റാലിയ്ക്ക് നേരെയുണ്ടായ പൊലീസ് ആക്രമണത്തിൽ പ്രതിഷേധിച്ചാണ് ബന്ദ്. റാലിയ്ക്ക് നേരെയുണ്ടായ പൊലീസ് നടപടിയിൽ BJP അധ്യക്ഷൻ JP നദ്ദയടക്കം പ്രമുഖർ പ്രതിഷേധം അറിയിച്ചിട്ടുണ്ട്. വിദ്യാർത്ഥികളെ ലാത്തിച്ചാർജ് ചെയ്ത പൊലീസ് നടപടിയെ ഗവർണർ C.V. ആനന്ദബോസും വിമർശിച്ചു.

✪✪✪

റെയിൽവെ ബോർഡ് ചെയർമാനും ചീഫ് എക്സിക്യൂട്ടിവ് ഓഫീസറുമായി മുതിർന്ന റെയിൽവെ മാനേജ്മെന്റ് സർവീസ് ഓഫീസർ സതീഷ് കുമാറിനെ നിയമിച്ചു. അടുത്ത മാസം ഒന്നിന് അദ്ദേഹം സ്ഥാനമേൽക്കും.

✪✪✪

നിയമസഭയുടെ പരിസ്ഥിതി സമിതി നാളെയും മറ്റന്നാളും കോഴിക്കോട്, വയനാട് ജില്ലകളിലെ ഉരുൾപൊട്ടൽ ബാധിത പ്രദേശങ്ങൾ സന്ദർശിച്ച്, വിവരശേഖരണം നടത്തും. നാളെ രാവിലെ വിലങ്ങാട്ടെ ഉരുൾപൊട്ടൽ മേഖല നേരിൽ കണ്ടശേഷം സമിതി ഉച്ചക്ക് നാദാപുരം റസ്റ്റ് ഹൗസിൽ യോഗം ചേരും.

✪✪✪

വയനാട് ഉരുൾപൊട്ടൽ ദുരിതബാധിതരുടെ പുന:രധിവാസം ചർച്ച ചെയ്യാൻ മുഖ്യമന്ത്രി പിണറായി വിജയൻ വിളിച്ച സർവകക്ഷിയോഗം നാളെ ചേരും. നാളെ വൈകിട്ട് ഓൺലൈനായാണ് യോഗം.

✪✪✪

മുകേഷിനെ, സിനിമാ നയരൂപീകരണ സമിതിയിൽ നിന്ന് ഒഴിവാക്കുന്നത് സംബന്ധിച്ച് ചുമതലപ്പെട്ടവർ മറുപടി നൽകുമെന്ന് മന്ത്രി K.N ബാലഗോപാൽ കൊട്ടാരക്കരയിൽ പറഞ്ഞു. ഹേമ കമ്മിറ്റി റിപ്പോർട്ടിനെ തുടർന്ന് ഉയരുന്ന ലൈംഗികാതിക്രമ ആരോപണങ്ങളിൽ പാർട്ടിയും ഗവൺമെന്റും പ്രതിരോധത്തിലാകില്ലെന്നും അദ്ദേഹം മാധ്യമങ്ങളോട് പറഞ്ഞു. പാർട്ടിയും ഗവൺമെന്റും വിശദമായി പരിശോധിച്ചതുകൊണ്ടാണ് സംഭവങ്ങൾ പുറത്തുവന്നതെന്നും ഒളിച്ചോടിപോകുന്ന സമീപനമല്ല ഗവൺമെന്റ് സ്വീകരിച്ചതെന്നും ബാലഗോപാൽ പറഞ്ഞു.

✪✪✪

മഹാത്മാ അയ്യങ്കാളിയുടെ 161-ാ മത് ജയന്തി ആഘോഷം ഇന്ന്. വെള്ളയമ്പലം അയ്യങ്കാളി സ്ക്വയറിൽ രാവിലെ മന്ത്രി O.R കേളു പുഷ്പാർച്ചന നടത്തും. പട്ടികജാതി വികസന വകുപ്പിന്റെ നേതൃത്വത്തിൽ വിവിധ പരിപാടികൾ സംഘടിപ്പിക്കും. സമ്മേളനത്തിൽ മന്ത്രിമാരായ V ശിവൻകുട്ടി, G.R അനിൽ തുടങ്ങിയവർ പങ്കെടുക്കും. സംസ്ഥാന വ്യാപകമായി വിപുലമായ ജയന്തി ആഘോഷം ഉണ്ടായിരിക്കും.

✪✪✪

കോഴിക്കോട് - മുത്തങ്ങ ദേശീയ പാതാ വികസന പദ്ധതി തയ്യാറാക്കൽ വേഗത്തിലാക്കാൻ സംസ്ഥാനം ഇടപെടുമെന്ന് മന്ത്രി P.A മുഹമ്മദ് റിയാസ് അറിയിച്ചു. കോഴിക്കോട് ചേർന്ന ഉന്നതതല യോഗത്തിലാണ് തീരുമാനം. മലാപ്പറമ്പ് -

പുതുപ്പാടി, പുതുപ്പാടി - മുത്തങ്ങ എന്നീ രണ്ട് റീച്ചുകൾ നാല് വരിയായി വികസിപ്പിക്കാനാണ് പദ്ധതി രേഖ തയ്യാറാക്കുന്നത്.

താമരശേരി ചുരത്തിലെ മൂന്ന് ഹെയർപിൻ വളവുകൾ വികസിപ്പിക്കുന്നതിന് സമർപ്പിച്ച പദ്ധതിക്ക് അംഗീകാരം നൽകണമെന്ന് കേന്ദ്രത്തോട് വീണ്ടും ആവശ്യപ്പെടാനും യോഗം തീരുമാനിച്ചു. കൽപ്പറ്റ ബൈപ്പാസ് നാലുവരി ആയി വികസിപ്പിക്കുന്ന പദ്ധതിയ്ക്ക് അനുമതി നേടാനും പൊതുമരാമത്ത് വകുപ്പ് ഇടപെടൽ നടത്തും.

✪✪✪

പാരീസ് പാരാലിമ്പിക്സിന് ഇന്ന് തുടക്കമാകും. സെപ്റ്റംബർ എട്ട് വരെയാണ് കായിക മത്സരങ്ങൾ. പാരാലിമ്പിക്സിൽ പങ്കെടുക്കുന്ന ഇന്ത്യൻ സംഘത്തിൽ 84 അത്-ലറ്റുകളുണ്ട്. ഉദ്ഘാടന ചടങ്ങിൽ സുമിത് അന്തിലും ഭാഗ്യശ്രീ ജാദവും ഇന്ത്യൻ പതാകയേന്തും. അമ്പെയ്ത്തിൽ മെഡൽ പ്രതീക്ഷയുമായി ഏഷ്യൻ പാരാ ഗെയിംസ് സ്വർണ മെഡൽ ജേതാവ് ശീതൽ ദേവി മത്സരിക്കുന്നുണ്ട്.

✪✪✪

അന്താരാഷ്ട്ര ക്രിക്കറ്റ് കമ്മറ്റി ചെയർമാനായി ഇന്ത്യൻ ക്രിക്കറ്റ് കൺട്രോൾ ബോർഡ് ഓണററി സെക്രട്ടറി ജെയ്ഷായെ തെരഞ്ഞെടുത്തു. ചെയർമാൻ സ്ഥാനത്തേക്ക് മറ്റാരെയും നാമനിർദേശം ചെയ്തിരുന്നില്ല. ഡിസംബർ ഒന്നിന് അദ്ദേഹം സ്ഥാനമേൽക്കും. ഈ പദവിയിലെത്തുന്ന ഏറ്റവും പ്രായം കുറഞ്ഞ വ്യക്തിയാണ് 35 കാരനായ ജെയ്ഷാ.

✪✪✪

ലോക അത്‌ലറ്റിക്സ് അണ്ടർ-20 ചാമ്പ്യൻഷിപ്പിൽ, ഇന്ത്യയുടെ ജയ് കുമാർ, നീരു പഥക്, റിഹാൻ ചൗധരി, സാന്ദ്രമോൾ സാബു എന്നിവർ 4 × 400 മീറ്റർ മിക്സഡ് റിലേ ഫൈനലിലേക്ക് യോഗ്യത നേടി. മത്സരിക്കുന്ന 20 ടീമുകളിൽ മൂന്നാം സ്ഥാനത്തെത്തിയ ഇന്ത്യ, ഹീറ്റ് ഒന്നിൽ രണ്ടാമതെത്തി സീസണിലെ മികച്ച പ്രകടനമാണ് കാഴ്ച വെച്ചത്.

✪✪✪

ICC വനിതാ ട്വന്റി-20 ലോകകപ്പ് ക്രിക്കറ്റിൽ മത്സരിക്കുന്ന 15 അംഗ ഇന്ത്യൻ ടീമിനെ BCCI പ്രഖ്യാപിച്ചു. ഹർമൻപ്രീത് കൗറാണ് ക്യാപ്റ്റൻ - സ്മൃതി മന്ദാന വൈസ് ക്യാപ്റ്റൻ. ഒക്ടോബർ മൂന്ന് മുതൽ 20 വരെയാണ് UAE-യിൽ ലോകകപ്പ് മത്സരങ്ങൾ.

✪✪✪

സംസ്ഥാനത്ത് ആദ്യമായി ഒളിമ്പിക് മോഡൽ സ്കൂൾ കായിക മത്സരങ്ങൾ നടത്തുന്നതിന്റെ ഭാഗമായി കാസർഗോഡ് ജില്ലയിലെ പ്രഥമ ഒളിമ്പിക്സ് നാളെ ആരംഭിക്കും. 41 കായിക ഇനങ്ങളിൽ 15,000 ത്തോളം കുട്ടികളാണ് ജില്ലാ മത്സരത്തിൽ പങ്കെടുക്കുന്നത്. നാളെയും 30,31, സെപ്തംബർ രണ്ട് തീയ്യതികളിലും 15 കായിക മത്സരങ്ങൾ നടത്തും. തുടർന്ന് ഓണാവധിയിലും അവധി കഴിഞ്ഞുമായി മത്സരങ്ങൾ പൂർത്തിയാകും.

✪✪✪

സംസ്ഥാനത്ത് മഴ തുടരുന്ന സാഹചര്യത്തിൽ ഇന്ന് കോഴിക്കോട്, കണ്ണൂർ, കാസർക്കോട് ജില്ലകളിൽ കേന്ദ്ര

കാലാവസ്ഥാ വകുപ്പ് മഞ്ഞ ജാഗ്രതാ നിർദ്ദേശം നൽകി. നാളെ കോഴിക്കോട്ടും കണ്ണൂരും ഓറഞ്ചു ജാഗ്രതയും എറണാകുളം, തൃശൂർ, പാലക്കാട്, മലപ്പുറം, വയനാട്, കണ്ണൂർ ജില്ലകളിൽ മഞ്ഞ ജാഗ്രതയും നൽകിയിട്ടുണ്ട്.

✪✪✪

കാലാവസ്ഥാ വ്യതിയാനങ്ങൾ പരിസ്ഥിതിയിലുണ്ടാകുന്ന മാറ്റങ്ങൾക്കനുസരിച്ചായിരിക്കണം ഇനി കെട്ടിട നിർമാണങ്ങളെന്ന് മന്ത്രി P.A. മുഹമ്മദ് റിയാസ് പറഞ്ഞു. പാലക്കാട്ടെ തൃത്താല സാമൂഹികാരോഗ്യ കേന്ദ്രത്തിന്റെ പുതിയ കെട്ടിടത്തിന്റെ നിർമാണം ഉദ്ഘാടനം ചെയ്യുകയായിരുന്നു മന്ത്രി. ഒരു വർഷത്തിനകം കെട്ടിട നിർമ്മാണം പൂർത്തിയാക്കാനാണ് ലക്ഷ്യമിടുന്നതെന്ന് ചടങ്ങിൽ അധ്യക്ഷനായിരുന്ന മന്ത്രി M.B. രാജേഷ് പറഞ്ഞു.

✪✪✪

ചലച്ചിത്ര സഹസംവിധായകനും ശിൽപ്പിയുമായ അനിൽ സേവ്യർ കൊച്ചിയിൽ നിര്യാതനായി. 39 വയസ്സായിരുന്നു. ഫുട്ബോൾ കളിക്കിടയിലുണ്ടായ ഹൃദയസ്തംഭനത്തെ തുടർന്ന് ചികിത്സയിലായിരുന്നു.

ജാൻ എ മൻ, മഞ്ഞുമ്മൽ ബോയ്സ്, തെക്ക് വടക്ക് തുടങ്ങിയ സിനിമകളുടെ സഹ സംവിധായകനായിരുന്നു അനിൽ സേവ്യർ.

✪✪✪

പ്രശസ്ത കോൽക്കളി കലാകാരൻ എടക്കുളം ചേനകത്ത് യാഹു അന്തരിച്ചു. 90 വയസ്സായിരുന്നു. ഖബറടക്കം രാവിലെ എടക്കുളം ജുമാമസ്ജിദ് ഖബർസ്ഥാനിൽ നടത്തും.

✪✪✪

കോട്ടയത്ത് M.C റോഡിലെ മണിപ്പുഴയിൽ വാഹനാപകടത്തിൽ ദമ്പതികൾ മരിച്ചു. മൂലവട്ടം പുത്തൻപറമ്പിൽ മനോജ്, ഭാര്യ പ്രസന്ന എന്നിവരാണ് മരിച്ചത്. ഇവർ സഞ്ചരിച്ച സ്കൂട്ടറിൽ പിക്കപ്പ് വാൻ ഇടിച്ചായിരുന്നു അപകടം.

✪✪✪

ഇന്നലെ അന്തരിച്ച ചലച്ചിത്ര സംവിധായകനും തിരക്കഥാകൃത്തുമായ മോഹന്റെ സംസ്കാരം ഇന്ന് കൊച്ചിയിൽ നടത്തും. പനമ്പിള്ളി നഗറിലെ വീട്ടിൽ പൊതുദർശനത്തിന് ശേഷം ഉച്ചയ്ക്ക് 12 ന് രവിപുരം ശ്മശാനത്തിലായിരിക്കും സംസ്കാരം.

മലയാള സിനിമാരംഗത്ത് കലാമൂല്യവും ജനപ്രിയതയും ഒത്തുചേർന്ന നിരവധി ചിത്രങ്ങളുടെ സംവിധായകനാണ് മോഹൻ.

✪✪✪

കർണാടകയിലെ മണ്ണിടിച്ചിലിൽ കാണാതായ കോഴിക്കോട്ടെ അർജുന് വേണ്ടി തെരച്ചിൽ പുനരാരംഭിക്കണമെന്നാവശ്യപ്പെട്ട് കുടുംബം ഇന്ന് കർണാടക മുഖ്യമന്ത്രി സിദ്ധരാമയ്യയെ കാണും. M.K രാഘവൻ MP, AKM അഷ്റഫ് MLA, കാർവാർ MLA സതീഷ് കൃഷ്ണ സെയിൽ,

എന്നിവർക്കൊപ്പം അർജ്ജുന്റെ സഹോദരീ ഭർത്താവാണ് മുഖ്യമന്ത്രിയെ കാണുന്നത്.

✪✪✪

മുകേഷ് MLA സ്ഥാനം രാജിവെക്കേണ്ടതില്ലെന്ന CPIM നിലപാട് അപഹാസ്യമാണെന്ന് BJP കോഴിക്കോട് ജില്ല പ്രസിഡന്റ് V.K.സജീവൻ അഭിപ്രായപ്പെട്ടു. സ്ഥാനം രാജിവെച്ച് മുകേഷ് മാറിനിന്ന് അന്വേഷണം നേരിടണമെന്ന് BJP മെമ്പർഷിപ്പ് ക്യാംപയിൻ നരിപ്പറ്റ മണ്ഡലം ശില്പശാല ഉദ്ഘാടന ചടങ്ങിൽ സജീവൻ പറഞ്ഞു.

✪✪✪